# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2788 12.03.2018 -ൽ മറുപടിയ്ക്ക്

### ഭവന നിർമ്മാണ രംഗത്തെ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>,, പി.കെ.ബഷീർ<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, അബ്ദുൽ ഹമീദ് പി. | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ വന്നശേഷം ഭവന നിർമ്മാണ രംഗത്ത് ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടുകൂടി ലൈഫ് മിഷൻ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം 2017-18 വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് എല്ലാപേർക്കും ഭവനം എന്ന ആശയം സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) അംഗീകൃത ഗുണഭോക്തൃപട്ടികയിലുള്ള എല്ലാ ഭൂമിയുള്ള ഭവനരഹിതർക്കും അടുത്ത വർഷം ഭവന നിർമ്മാണത്തിന് ധനസഹായം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. ആയത് 2018-19 വർഷത്തിൽ പൂർത്തീകരിക്കാൻ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഭൂരഹിതരായ എല്ലാവർക്കും ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഭവനം നൽകുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നത്. പദ്ധതി കാലയളവിൽ തന്നെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും ഭവനം വിഭാവനം ചെയ്തിരിക്കുന്നു. |
| (സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഭവന നിർമ്മാണ പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) ഭവനരഹിതർ എന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനവും അയൽക്കൂട്ടവും കണ്ടെത്തിയവരുടെ ഭവനം സന്ദർശിച്ച് വിശദമായ സർവ്വെ നടത്തിയാണ് ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയത്. ആയതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്. |

- ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.
- സർക്കാർ/ അർദ്ധ സർക്കാർ/ പൊതു മേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപന ങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ചു സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടിക വർഗ്ഗത്തിന് ബാധകമല്ല).
- ഉപജീവനതൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

റേഷൻ കാർഡില്ലാത്ത അർഹരായ അഗതികൾക്ക് ഇളവ് നൽകുന്നതാണ്. നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നില്ല.

Sobha S

സെക്ഷൻ ഓഫീസർ